# Deepika
# 12 August 2018
# Thrissur, CM's Flood Relief Fund



## നീലി: ആദ്യ ഷോയുടെ തുക ദുരിതാശ്വാസത്തിന്

**തൃശൂർ:** മുഖ്യമന്ത്രിയുടെ പ്രകൃതിദുരന്ത നിവാരണ ഫണ്ടിലേക്ക് തന്റെ പുതിയ സിനിമയുടെ ആദ്യ ഷോയിൽനിന്നുള്ള വരുമാനം നൽകുമെന്ന് വ്യവസായിയും നിർമാതാവുമായ ഡോ. ടി.എ. സുന്ദർമേനോൻ. ഇന്നലെ റിലീസ് ചെയ്ത 'നീലി' എന്ന ചിത്രത്തിന്റെ ആദ്യ ഷോയിൽനിന്നുള്ള വരുമാനമാണ് നൽകുക.

സുന്ദർമേനോന്റെ സൺ ആഡ്സ് ആൻഡ് ഫിലിം പ്രൊഡക്ഷൻസിന്റെ ബാനറിലാണ് നിർമാണം. അൽത്താഫ് റഹ്മാൻ സംവിധാനം ചെയ്ത ചിത്രത്തിന്റെ തിരക്കഥ രചിച്ചിരിക്കുന്നത് റിയാസ് മാരമത്ത്, മുനീർ മുഹമ്മദ് ഉണ്ണി എന്നിവർ ചേർന്നാണ്.